File No.LSGD-EPA2/177/2018-LSGD

"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - നന്ദിയോട് ഗ്രാമപഞ്ചായത്തിൽ ദിവസവേതനത്തിൽ സ്വീപ്പറായി ജോലി ചെയ്തുവരുന്ന ശ്രീമതി. ചന്ദ്രിക. പി യെ ടി ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള പാർട്ട് ടൈം റോഡ് സ്വീപ്പർ തസ്തികയിൽ സർക്കാർ ഉത്തരവ് തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.1803/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 20/09/2021

പരാമർശം:-

1. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 16.01.2020 ലെ ഒ.എ 1559/2018 നം. ഉത്തരവ്.
2. ബഹു. കേരള ഹൈക്കോടതിയുടെ 09.03.2021 ലെ OP(KAT) 382/2020 നം. വിധിന്യായം
3. പഞ്ചായത്ത് ഡയറക്ടറുടെ 18.11.2020 ലെ PAN/22243/2018-E9(DP) നം. കത്ത്
4. സ. ഉ (പി) 58/2018/ ധന തീയതി 10.04.2018

ഉത്തരവ്

1. തിരുവനന്തപുരം ജില്ലയിലെ നന്ദിയോട് ഗ്രാമപഞ്ചായത്തിൽ ദിവസവേതനത്തിൽ റോഡ് സ്വീപ്പറായി ജോലി ചെയ്തുവരുന്ന ശ്രീമതി. ചന്ദ്രിക. പി ടിയാളെ സ്ഥിരപ്പെടുത്തുന്നതിലേക്കായി ഫയൽ ചെയ്തിരുന്ന ഒ.എ 1559/2018 നം. ഹർജിയിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച പരാമർശം (1) ഉത്തരവിൽ താഴെ പറയും പ്രകാരം നിർദേശിച്ചു.

".......... the original Application is disposed of directing the third respondent to forward the proposal for the creation of a regular post in the Grama Panchayat and for regularisation of the applicant forthwith to the second respondent at any rate, within a period of three weeks from the date of receipt of a certified copy of this order. On receipt of such proposal the second respondent shall forward the same to the Government through the Director of Panchayats with necessary report. On receipt of the proposal, the first respondent shall consider the same in accordance with the observations herein and the findings in the judgment of Honb'le High Court in WP(C) No. 16151 of 2010 dated 19.12.2016 and pass appropriate orders therein within a period of three months therefrom. It is made clear that the on regularisation applicant will be entitled for wages in accordance with the stipulation in G.O.(P)No.501/2005/Fin dated 25.11.2005."

2. പഞ്ചായത്ത് ഡയറക്ടറുടെ 09 .05 .18 - ലെ കത്തിൽ ശ്രീമതി ചന്ദ്രിക 1996 മുതൽ 2017 മാർച്ച് വരെ ഒന്നിടവിട്ട ദിവസങ്ങളിൽ പാർട്ട് ടൈം റോഡ് സ്വീപ്പറായി ജോലിനോക്കി

വന്നിരുന്നതായാണ് സൂചിപ്പിച്ചിട്ടുള്ളത്. 25/11/2005 തീയതിയിലെ ജി . ഒ (പി) 501/2005/ധന ഉത്തരവ് അനുസരിച്ച് സർക്കാർ ഓഫീസുകളിൽ താൽക്കാലിക / കാഷ്വൽ സ്വീപ്പർ തസ്തികയിൽ തുടർച്ചയായി ജോലി നോക്കി വരുന്നവരാണ് പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തലിന് അർഹരായിട്ടുള്ളത്. മാത്രമല്ല, 09/02/2010 തീയതിയിലെ ജി. ഒ (പി) 61/2010/ധന ഉത്തരവിൽ ബസ് സ്റ്റാൻഡ്, സ്ട്രീറ്റ്, മാർക്കറ്റ്, പബ്ലിക്ക് ഗാർഡൻ തുടങ്ങിയ സ്ഥലങ്ങൾ വൃത്തിയാക്കുന്ന സ്വീപ്പർമാർ 25/11/2005 തീയ്യതിയിലെ ഉത്തരവിന്റെ പരിധിയിൽ വരുന്നവരല്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ, പാർട്ട് ടൈം റോഡ് സ്വീപ്പർ തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ (എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയല്ലാതെ നിയമിച്ച) ജോലി ചെയ്തു വരുന്ന ശ്രീമതി. പി. ചന്ദ്രികയെ നന്ദിയോട് ഗ്രാമപഞ്ചായത്തിൽ നിലവിൽ ഒഴിവുള്ള പാർട്ട് ടൈം റോഡ് സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തണമെന്ന ആവശ്യം 25/11/2005 തീയതിയിലെ ജി. ഒ. ( പി ) 501/2005/ ധന, 09/02/2010 തീയതിയിലെ ജി. ഒ.(പി ) 61/2010/ ധന എന്നീ ഉത്തരവുകൾ അനുസരിച്ച് അംഗീകരിക്കാൻ കഴിയില്ല. പ്രസ്തുത സാഹചര്യത്തിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഉത്തരവിനെതിരെ ബഹു. ഹൈക്കോടതിയിൽ സർക്കാർ OP(KAT) 382/2020 നം. ഹർജി ഫയൽ ചെയ്തു. എന്നാൽ പരാമർശം (2) ലെ വിധിന്യായപ്രകാരം ടി ഹർജി തള്ളുകയുണ്ടായി. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ ട്രൈബ്യൂണൽ ഉത്തരവിൻ പ്രകാരം ശ്രീമതി. ചന്ദ്രിക. പി യെ നന്ദിയോട് ഗ്രാമപഞ്ചായത്തിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കി.

3. സർക്കാർ ഇക്കാര്യം പരിശോധിച്ചു. ശ്രീമതി. ചന്ദ്രിക റോഡ് സ്വീപ്പറായാണ് ജോലി ചെയ്തു വരുന്നത്. നന്ദിയോട് ഗ്രാമപഞ്ചായത്തിൽ ഒരു പാർട്ട് ടൈം റോഡ് സ്വീപ്പർ തസ്തിക നിലവിലുള്ളതായി പ്രൊപ്പോസലിനോടൊപ്പം സമർപ്പിച്ചിട്ടുള്ള സ്റ്റാഫ് സ്ട്രെങ്ത് റിപ്പോർട്ടിലും പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടിലും വ്യക്തമാണ്. ശ്രീമതി. പി. ചന്ദ്രികയെ നന്ദിയോട് ഗ്രാമപഞ്ചായത്തിൽ നിലവിൽ ഒഴിവുള്ള പാർട്ട് ടൈം റോഡ് സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തണമെന്ന ആവശ്യം 25/11/2005 തീയതിയിലെ ജി. ഒ (പി) 501/2005/ ധന, 09/02/2010 തീയതിയിലെ ജി. ഒ (പി) 61/2010/ധന എന്നീ ഉത്തരവുകൾ അനുസരിച്ച് അംഗീകരിക്കാൻ കഴിയില്ലെങ്കിലും ശ്രീമതി. പി. ചന്ദ്രികയെ സ്ഥിരപ്പെടുത്താൻ കഴിയുകയില്ല എന്ന സർക്കാരിന്റെ നിലപാട് ബഹു. ട്രൈബ്യൂണലും ബഹു. ഹൈക്കോടതിയും തള്ളുകയുണ്ടായി. 24.09.2020 ലെ 11(1) നം. തീരുമാനപ്രകാരം 1996 മുതൽ ടി പഞ്ചായത്തിൽ ജോലി ചെയ്ത് വരുന്ന ശ്രീമതി. ചന്ദ്രികയെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഉത്തരവിൻ പ്രകാരം പാർട്ട് ടൈം റോഡ് സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്താൻ നന്ദിയോട് ഗ്രാമപഞ്ചായത്ത് സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. സർക്കാർ വകുപ്പുകളിൽ ഏതെങ്കിലും സാഹചര്യത്തിൽ സർക്കാരിന്റെ അംഗീകാരത്തോടെ നിയമപ്രകാരം കാഷ്വൽ / താൽക്കാലിക സ്വീപ്പർമാരെ സ്ഥിരപ്പെടുത്തുകയാണെങ്കിൽ ടി സ്ഥിരപ്പെടുത്തലിന് ഉത്തരവ് തീയതി മുതൽ മാത്രം പ്രാബല്യം നൽകേണ്ടതാണെന്ന് പരാമർശം (4) പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്.

4. മേൽ സാഹചര്യങ്ങളിൽ നന്ദിയോട് ഗ്രാമപഞ്ചായത്തിൽ ദിവസവേതനത്തിൽ സ്വീപ്പറായി ജോലി ചെയ്തുവരുന്ന ശ്രീമതി. ചന്ദ്രിക. പി യെ ടി ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള പാർട്ട് ടൈം റോഡ് സ്വീപ്പർ തസ്തികയിൽ സർക്കാർ ഉത്തരവ് തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

5. പരാമർശം (1), (2) എന്നിവയിലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെയും ബഹു.

കേരള ഹൈക്കോടതിയുടെയും ഉത്തരവുകൾ ഇപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി

ശ്രീമതി. ചന്ദ്രിക. പി, പാർട്ട് ടൈം റോഡ് സ്വീപ്പർ, നന്ദിയോട് ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം ജില്ല

(സെക്രട്ടറി, നന്ദിയോട് ഗ്രാമപഞ്ചായത്ത് മുഖേന)

അഡ്വക്കേറ്റ് ജനറൽ, കേരളം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം ജില്ല.

സെക്രട്ടറി, നന്ദിയോട് ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം ജില്ല.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

എക്സി. ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)

ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/177/2018-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ